(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമ്പോൾ അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ടോ; ഇതിന്റെ അഭാവം ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ളത്. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, കുറഞ്ഞ ഇറക്കുമതി ചുങ്കം മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമ്പോൾ അതിന്റെ കാരണം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നതിനും നല്ല നിലയിലുള്ള മാനേജുമെന്റ് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

കെൽട്രോൺ നവീകരണം

149(2187) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി. തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണ പരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടി രൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോസിറാമിക്സിന്റെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്

(ബി&സി) വ്യവസായ വകുപ്പിന്റെ അധിനതയിലുള്ള കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്ക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട വിവിധ ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 880 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.